**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3029** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ വന്യമൃഗ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ വന്യമൃഗ ആക്രമണങ്ങളിൽ കഴിഞ്ഞ 10 വർഷത്തിനിടെ എത്രപേർ മരണപ്പെട്ടിട്ടുണ്ട്; ഏത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഇടുക്കി ജില്ലയിൽ മനുഷ്യ വന്യമൃഗ സംഘർഷത്തിൽ കഴിഞ്ഞ 10 വർഷത്തിനിടെ മരണപ്പെട്ടവരുടേയും പരിക്കേറ്റവരുടേയും വർഷം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ; | (ബി) | മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ട 71 പേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി 449 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| (സി) | തൊടുപുഴ മുള്ളരിങ്ങാട് മേഖലയിൽ കാട്ടാന ശല്യം ഒഴിവാക്കാൻ വനം വകുപ്പ് നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | തൊടുപുഴ മുള്ളരിങ്ങാട് മേഖലയിൽ കോതമംഗലം ഡിവിഷന് കീഴിൽ മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനായി തൊടുപുഴ റെയിഞ്ചിൽ ഇടവെട്ടി നഗരവനം പദ്ധതിയ്ക്ക് ചുറ്റമായി 2 കി.മീ. സൗരോർജ്ജവേലിയും, കുളമാവ് സെക്ഷനിൽ പാമ്പിൻതൊട്ടി ഭാഗത്ത് 100 മീ. സൗരോർജ്ജവേലിയും, മുള്ളരിങ്ങാട് റെയിഞ്ചിൽ ചുള്ളിക്കണ്ടം ചെക്ക്പോസ്റ്റ് മുതൽ പനംകുഴി വരെ RKVY പദ്ധതിയുടെ ഭാഗമായി 1.5 കി.മീ. സൗരോർജ്ജ തൂക്കുവേലിയും 2024-25 സാമ്പത്തിക വർഷത്തിൽ സ്ഥാപിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ മുള്ളരിങ്ങാട് റെയിഞ്ചിൽ MPLADS പദ്ധതിയിൽ അമയൽതൊട്ടി മുതൽ കിഴക്ക് ഭാഗത്തേക്ക് 1 കി.മീ. സൗരോർജ്ജ തൂക്കുവേലിയും MLA ഫണ്ട് ഉപയോഗിച്ച് അമയൽതൊട്ടി മുതൽ കിഴക്ക് ഭാഗത്തേക്ക് 1.3 കി.മീ. സൗരോർജ്ജ തൂക്കുവേലിയും സ്ഥാപിച്ചിട്ടുണ്ട്. മുള്ളരിങ്ങാട് റെയിഞ്ചിൽ കൊച്ചിൻ ഷിപ്പിയാർഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് AI സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വന്യജീവി പ്രതിരോധവേലി നിർമ്മിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനായി ആർ.ആർ.ടി.കളുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. പ്രാദേശിക ജനങ്ങളെ ഉൾപ്പെടുത്തി ഇതിനായി സന്നദ്ധ പ്രാഥമിക പ്രതിരോധ സേനകളും |

| | | | |
|---|---|---|---|
| | | | (Primary Response Team - പിആർടി) കളും രൂപീകരിച്ചിട്ടുണ്ട്.<br><br>ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ആരംഭിച്ച മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി തൊട്ടുപുഴ മുള്ളരിങ്ങാട് മേഖലയിൽ വണ്ണപ്പുറം, പൈങ്ങോട്ടൂർ, കവളങ്ങാട് പഞ്ചായത്തുകളിൽ ഹെൽപ് ഡെസ്ക് സ്ഥാപിച്ച് പരാതികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | മരണപ്പെട്ടവരുടെ എണ്ണം | പരിക്കേറ്റവരുടെ എണ്ണം |
|---|---|---|
| 2015-16 | 4 | 28 |
| 2016-17 | 8 | 17 |
| 2017-18 | 5 | 22 |
| 2018-19 | 9 | 22 |
| 2019-20 | 7 | 28 |
| 2020-21 | 8 | 29 |
| 2021-22 | 8 | 48 |
| 2022-23 | 5 | 53 |
| 2023-24 | 10 | 79 |
| 2024-25 | 7 | 103 |
| **ആകെ** | **71** | **429** |